## ഫിലിപ്പിയർ 2:5

"ക്രിസ്തുയേശുവിലുള്ള ഭാവം തന്നേ നിങ്ങളിലും ഉണ്ടായിരിക്കട്ടെ."

കർത്താവിൽ പ്രിയരേ, നമ്മുടെ കർത്താവായ യേശുക്രിസ്തു, പാപങ്ങളിലും അതിക്രമങ്ങളിലും മരിച്ചവരായിരുന്ന നമ്മെ ഓരോരുത്തരേയും വീണ്ടെടുക്കുവാൻ വേണ്ടി യാഗമായ് തീർന്നതിന്റെ ഒരു ഓർമ്മ പുതുക്കലിന്റെ അനുഭവത്തിലൂടെ നാം പലപ്പോഴും കടന്നു പോകാറുണ്ടല്ലോ. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ആയിരിക്കുന്ന നാമോരോരോരുത്തരും ഒരേപോലെ ഉള്ള അനുഭവത്തിൽ ഒന്നായി മാറ്റപ്പെട്ടു കൊണ്ടിരിക്കുന്നു. ലോകം ആകമാനം ഭീതിയുടെയും, ഭയത്തിന്റെയും, പ്രതിസന്ധികളുടെയും മധ്യത്തിൽ കഴിയുന്നു. പ്രവാചകനിലൂടെ ദൈവത്തിന്റെ ശബ്ദം ഇപ്രകാരം സംസാരിച്ചു, "ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു; അന്ധതമസ്സുള്ള ദേശത്തു പാർത്തവരുടെ മേൽ പ്രകാശം ശോഭിച്ചു." ഇന്ന് കർത്താവിന്റെ പീഡാനുഭവ ധ്യാന ചിന്തകളിലൂടെ നാം കടന്നു പോകുമ്പോൾ ആ വെളിച്ചത്തിന്റെ ഉള്ളിൽ പ്രവേശിച്ച് നമ്മിലുള്ള സകല അന്ധകാരത്തിന്റെയും അനുഭവം മാറി നാം അവന്റെ തേജസ്സിൽ പ്രകാശിക്കുവാൻ ഇടയായിത്തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു.

### 1. ക്രിസ്തു തന്നെത്താൻ ഒഴിച്ചു. (ഫിലിപ്പിയർ 2:8)

അപ്പൊ. പൗലോസ് ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിന്റെ അദ്ധ്യായം 2 ആണ് നാം നമ്മുടെ ധ്യാന ചിന്തകൾക്കാധാരമായി എടുത്തിട്ടുള്ളത്. അവിടെ നമ്മെ പറഞ്ഞ് പ്രബോധിപ്പിക്കുന്ന ഒരു കാര്യമുണ്ട്, നാം എന്തായിക്കൊള്ളട്ടെ, ആരായിക്കൊള്ളട്ടെ, ഏതു തരക്കാരായിക്കൊള്ളട്ടെ, നീ ഒരു ദൈവപൈതലായി മാറ്റപ്പെട്ടിട്ടുണ്ടെങ്കിൽ നിന്നിൽ ക്രിസ്തുവിന്റെ ഭാവം നിലനിൽക്കണം. തുടർന്നുള്ള വചന ഭാഗത്ത് എന്താണ് ക്രിസ്തുവിന്റെ ഭാവം എന്ന് എണ്ണിയെണ്ണി പറയുന്നുണ്ട്. അതിൽ ആദ്യത്തേതാണ് നാം ഇവിടെ ധ്യാനിക്കുന്നത്, 'അവൻ തന്നെത്താൻ ഒഴിച്ചു'.

പ്രിയരേ, ക്രിസ്തീയ ജീവിതമെന്നു പറയുന്നത് ത്യാഗങ്ങളുടെയും, സഹനങ്ങളുടെയും കഷ്ടതകളുടെയുമെല്ലാം ഒരു കൂടിച്ചേരലാണ് എന്നുള്ളതാണ് ഈ ആദ്യ ഭാവത്തിലൂടെ കർത്താവ് നമ്മെ കാണിച്ചു തരുന്നത്. എപ്രകാരമാണ് അവൻ അവനെത്തന്നെ ത്യജിച്ചത്. ഇവിടെ ദൈവവചനം അടിവരയിട്ടു നമ്മെ ഓർമ്മിപ്പിക്കുന്നു, 'അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാരിച്ചില്ല'

എന്ന്. ഇതാണ് അവൻ തന്നെത്താൻ ഒഴിച്ചു കളഞ്ഞ അവസ്ഥ. അവൻ പിതാവ്-പുത്രൻ-പരിശുദ്ധാത്മാവ് എന്ന ത്രീയേക ദൈവസമത്വം മുറുകെ പിടിക്കാതെ അതിനെ ത്യജിച്ചു കളവാൻ മനസ്സായിതീർന്ന ദൈവമാണെന്ന് വചനം പറയുന്നു. എന്തിന്നു വേണ്ടി?

എബ്രായ ലേഖനത്തിൽ നാം ഇപ്രകാരം വായിക്കുന്നു, 'തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി' എന്ന്. ഈ സന്തോഷത്തിന്നു വേണ്ടിയാണ് അവൻ തന്നെത്താൻ ത്യജിച്ചു കളഞ്ഞത്. പ്രിയമുള്ളവരെ, എന്തായിരുന്നു ആ സന്തോഷം? ഞാനും നിങ്ങളും ആയിരുന്നു അവന്റെ മുമ്പിലുണ്ടായിരുന്ന ആ സന്തോഷം. അതിനു വേണ്ടിയാണ് അവൻ തന്നെത്താൻ ഒഴിച്ചു കളഞ്ഞത്. മനുഷ്യവർഗ്ഗം ആകമാനം പാപം ചെയ്ത്, പാപത്തിലും, അതിക്രമങ്ങളിലും നിറഞ്ഞ്, നരകത്തീയുടെ അനുഭവത്തിലേക്കുള്ള വഴിത്താരയിലാണെന്നു കണ്ടവനായ ദൈവത്തിന്നു, അവിടെ നിന്ന് എന്നെയും നിങ്ങളെയും വീണ്ടെടുക്കുവാൻ തോന്നിയ വലിയ സ്നേഹം തന്നെയാണ് അവന്റെ മുമ്പിൽ ആ സന്തോഷമായി പരിണമിക്കുവാൻ ഇടയായിത്തീർന്നതെന്ന് നിസംശയം നമുക്ക് പറയാൻ സാധിക്കും (യോഹന്നാൻ 3:16).

പ്രിയരേ, പ്രതിഫലേച്ഛയില്ലാത്ത സ്നേഹം കൊണ്ട് നമ്മെ മൂടിയവവനായ ദൈവം നമ്മുടെ രക്ഷയ്ക്കായി തന്നെത്താൻ ഒഴിച്ചു കളയുവാൻ ഇടയായിത്തീർന്നു. ഇന്നു നമ്മോടു തന്നെ ഒന്നു ചോദിക്കാം, നമ്മുടെ മുമ്പിൽ അവൻ നൽകിത്തന്നിരിക്കുന്ന നിത്യമായ ജീവിതമെന്ന സന്തോഷം മുന്നിൽ കണ്ട് ഈ ദൈവത്തിന്നു വേണ്ടി നാം ഇന്നു ലോകത്തിലായിരിക്കുന്ന എല്ലാ അവസ്ഥകളും ഒഴിച്ചു കളഞ്ഞ് അവന്റെ കാൽക്കൽ നമ്മെത്തന്നെ സമർപ്പിക്കുവാൻ കഴിയുമോ? അങ്ങിനെയെങ്കിൽ നമ്മിൽ ക്രിസ്തുവിന്റെ ഭാവം വിളങ്ങാൻ തുടങ്ങും. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**പരാമർശം:**
ലൂക്കോസ് 9:23
എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച് തന്റെ ക്രൂശ് എടുത്തുംകൊണ്ടു എന്നെ അനുഗമിക്കട്ടെ.

**ബ്രദർ. ബിനു ബേബി ആലപ്പുഴ 151**